സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.87/21/എസ്റ്റാ.(സി).

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
26/10/2021

## ഇലക്ഷൻ സർക്കുലർ

## തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കിടയിൽ 28/10/2021-ൽ നടത്തുന്ന ഹിതപരിശോധനയുടെ സുഗമമായ നടത്തിപ്പിനായി വോട്ടർമാർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ

1) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്ഥിരം ജീവനക്കാർക്ക് മാത്രമേ ഹിതപരിശോധയിൽ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളൂ.
2) **28/10/2021**-ന് രാവിലെ **9.00** മണി മുതൽ വൈകിട്ട് **5.00** മണി വരെയായിരിക്കും ബന്ധപ്പെട്ട ബൂത്തുകളിൽ ഹാജരായി വോട്ട് രേഖപ്പെടുത്തേണ്ടത്.
3) വോട്ടു രേഖപ്പെടുത്തുന്നതിനായി റിട്ടേണിംഗ് ഓഫീസർ നിശ്ചയിച്ചിരിക്കുന്ന രേഖകൾ സഹിതം ബൂത്തുകളിൽ ഹാജരാകേണ്ടതാണ്. ബൂത്തുകളിൽ തിങ്ങി നിൽക്കാതെ കോവിഡ് പെരുമാറ്റച്ചട്ടം പാലിച്ച് ക്യൂ പാലിച്ച് അച്ചടക്കത്തോടെ വോട്ടു രേഖപ്പെടുത്തേണ്ടുന്നതിന് എല്ലാ വോട്ടർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
4) പോളിംഗ് ബൂത്തിനുള്ളിൽ മൊബൈൽ ഫോൺ ഉൾപ്പെടെ യാതൊരു ഇലക്ട്രോണിക് ഉപകരണങ്ങളും വോട്ടർമാർ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.
5) പ്രിസൈഡിംഗ് ആഫീസറിൽ നിന്നും ലഭിക്കുന്ന ബാലറ്റ് പേപ്പറിൽ വോട്ടു ചെയ്യുന്നതിനായി നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് വച്ച് രഹസ്യമായി വോട്ടു രേഖപ്പെടുത്തി നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ബാലറ്റുപ്പെട്ടിയിൽ നിക്ഷേപിക്കേണ്ടതാണ്. വോട്ട് ചെയ്ത് ബാലറ്റ് പേപ്പർ ബാലറ്റ് പെട്ടിയിൽ നിക്ഷേപിക്കാതെ ഒരു വോട്ടർക്കും ബൂത്ത് വിട്ട് പോകാൻ അനുമതി ഇല്ലാത്തതാണ്.
6) ഹിതപരിശോധനയിൽ പങ്കെടുക്കുന്ന സംഘടനയുടെ പേരോ, കൊടിയോ അവർക്ക് അനുവദിച്ചിട്ടുള്ള ക്രമ നമ്പരോ മറ്റ് ഏതെങ്കിലും തിരിച്ചറിയൽ അടയാളങ്ങളോ ധരിച്ചുകൊണ്ട് വോട്ടർമാരോ ബൂത്ത് ഏജന്റുമാരോ ബൂത്തിനുള്ളിൽ പ്രവേശിക്കുവാൻ പാടില്ല.

7) ദേവസ്വം ബോർഡിൽ നിന്നും നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ഉള്ളവർ പ്രസ്തുത തിരിച്ചറിയൽ കാർഡ് വോട്ടു ചെയ്യുന്നതിനുള്ള തിരിച്ചറിയൽ കാർഡായി ഉപയോഗിക്കേണ്ടതാണ്. ഇക്കാര്യത്തിനായി മറ്റ് തിരിച്ചറിയൽ കാർഡുകൾ അനുവദനീയമല്ല.

8) ഹിതപരിശോധനയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ/നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നത് അച്ചടക്കനടപടി സ്വീകരിക്കുന്നതിനുള്ള മതിയായ കാരണമായി കാണുന്നതാണ്.

ചെയർമാൻ
ഇലക്ഷൻ ബോർഡ്
(ദേവസ്വം കമ്മീഷണർ)
തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഉ 26/10